പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 157

11.02.2020 - ൽ മറുപടിക്ക്

ഭക്ഷ്യ ഭദ്രത നിയമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി.**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ആർ. രാമചന്ദ്രൻ**<br>**,, ഇ.ടി. ടൈസൺ മാസ്റ്റർ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** ദേശീയ ഭക്ഷ്യ ഭദ്രത നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യന്തകമ്പ്യൂട്ടർവല്ക്കരണം നടത്തിയതു മൂലമുണ്ടായ നേട്ടങ്ങൾ വ്യക്തമാക്കുമോ; | **(എ)** ആദ്യന്തകമ്പ്യൂട്ടർവല്ക്കരണത്തിന്റെ നാല് ഘടകങ്ങളിലൂടെ പൊതുവിതരണ രംഗത്തുണ്ടായ പ്രധാന നേട്ടങ്ങൾ താഴെപ്പറയും പ്രകാരമാണ്. |

**1. ഗുണഭോക്താക്കളുടെ വിവരങ്ങളുടെ ഡിജിറ്റൈസേഷൻ**

ദേശീയ ഭക്ഷ്യഭദ്രതാനിയമം, 2013 പ്രകാരം അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി പുതുക്കിയ റേഷൻകാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിനു ശേഷം പുതിയ റേഷൻകാർഡുകൾക്കുള്ള അപേക്ഷകളും കാർഡുകളിൽ തിരുത്തലുകളോ കൂട്ടിച്ചേർക്കലുകളോ വരുത്തുന്നതിനുള്ള അപേക്ഷകളും ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. അപേക്ഷകർക്ക് നേരിട്ട് ഓൺലൈനായോ അക്ഷയസെന്ററുകൾ മുഖേനയോ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

**2. സപ്ലൈ ചെയിൻ മാനേജ്മെന്റ്**

എഫ്.സി.ഐ. യിൽ നിന്നോ സപ്ലൈകോ മില്ലുകളിൽ നിന്നോ ശേഖരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഇടക്കാല ഗോഡൗണുകളിൽ സൂക്ഷിക്കുകയും ആവശ്യകതയ്ക്കനുസരിച്ച് റേഷൻകടകളിൽ എത്തിക്കുകയും ചെയ്യുന്ന സംവിധാനം (സപ്ലൈ ചെയിൻ മാനേജ്മെന്റ്) കമ്പ്യൂട്ടർവല്ക്കരിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യ വിതരണത്തിന്റെ എല്ലാ ഘട്ടങ്ങളും ഇതുമൂലം സുതാര്യമായിട്ടുണ്ട്.

**3. റേഷൻകടകളുടെ കമ്പ്യൂട്ടർവല്ക്കരണം**

എല്ലാ റേഷൻകടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് ഗുണഭോക്താക്കളുടെ ബയോമെട്രിക് ആതന്റിക്കേഷൻ

മുഖേന യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് സുതാര്യമായ റേഷൻവിതരണ സംവിധാനം നടപ്പിലാക്കി. ഇതോടൊപ്പം സംസ്ഥാനത്തെ ഏതു റേഷൻകടയിൽ നിന്നും റേഷൻ വാങ്ങാവുന്ന പോർട്ടബിലിറ്റി സംവിധാനം ഏർപ്പെടുത്തി. 2020 ജനുവരി 1 മുതൽ എഎവൈ/മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുകളിലെ അംഗങ്ങൾക്ക് 12 സംസ്ഥാനങ്ങളിൽ (കേരളം, ആന്ധ്രാപ്രദേശ്, ഗോവ, ഗുജറാത്ത്, ഹരിയാന, ജാർഖണ്ഡ്, കർണാടക, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ, തെലങ്കാന, ത്രിപുര) ഏതെങ്കിലും ഒരു സംസ്ഥാനത്ത് നിന്ന് റേഷൻ വാങ്ങാവുന്ന വിധം നാഷണൽ പോർട്ടബിലിറ്റി സംവിധാനം നടപ്പിലാക്കി. റേഷൻകടയിൽ നേരിട്ട് പോകാൻ സാധിക്കാത്തവർക്ക് (ശാരീരിക, മാനസിക വെല്ലുവിളികൾ മൂലം) പകരക്കാരെ നിയോഗിക്കാവുന്ന പ്രോക്സി സംവിധാനം നടപ്പാക്കി. ഇ-പോസ് മെഷീനുകളുമായി ബന്ധിപ്പിച്ച് റേഷൻ വിതരണം നടത്തുന്നതിന് വെയിംഗ് ബാലൻസുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**4. പരാതിപരിഹാരസംവിധാനവും സുതാര്യതാ പോർട്ടലും**

പരാതികൾ ഓൺലൈനായി രേഖപ്പെടുത്തുന്നതിന് pg.civilsupplieskerala.gov.in എന്ന പോർട്ടലിലൂടെ സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ റേഷൻകാർഡുകളുടെയും റേഷൻ വിതരണത്തിന്റെയും വിവരങ്ങൾ തത്സമയം തന്നെ പൊതുജനങ്ങളെ അറിയിക്കുന്നതിന് civilsupplieskerala.gov.in, epos.kerala.gov.in എന്നീ പോർട്ടലുകൾ തയ്യാറാക്കിയിട്ടുണ്ട്. റേഷൻകാർഡ് ആപ്ലിക്കേഷൻ സ്റ്റാറ്റസ്, റേഷൻവിഹിതം, റേഷൻ വാങ്ങിയത് സംബന്ധിച്ച വിവരം, മറ്റു അറിയിപ്പുകൾ തുടങ്ങിയവ എസ്എംഎസ് ആയി അയച്ചു വരുന്നു.

**(ബി)** നിലവിൽ റേഷൻ കടകളിൽ നടക്കുന്ന ട്രാൻസാക്ഷൻ, സ്റ്റോക്ക് മൂവ്മെന്റ് തുടങ്ങിയ കാര്യങ്ങൾ പൊതുജനങ്ങൾക്ക് അറിയുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

**(ബി)** റേഷൻകടകളിൽ നടക്കുന്ന ട്രാൻസാക്ഷൻ, സ്റ്റോക്ക് വിവരങ്ങൾ മുതലായവ **epos.kerala.gov.in** എന്ന പോർട്ടൽ മുഖേന പൊതുജനങ്ങൾക്ക് അറിയാൻ സാധിക്കും. ഈ പോർട്ടലിലെ **FPS → FPS wise Stock Register** എന്ന മെനു മുഖേന ഓരോ സ്കീമിലെയും സ്റ്റോക്ക് സംബന്ധിച്ച (ഓപ്പണിംഗ് ബാലൻസ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുടങ്ങിയവ) വിവരങ്ങളും **FPS → Commodity wise Stock Register** എന്ന മെനു മുഖേന ഓരോയിനത്തിലും പെട്ട സാധനങ്ങളുടെ സ്റ്റോക്ക് (പച്ചരി, കുത്തരി തുടങ്ങിയവ വേർതിരിച്ച്) സംബന്ധിച്ച വിവരങ്ങളും അറിയാൻ സാധിക്കും. പോർട്ടലിന്റെ ഹോം പേജിലുള്ള Beneficiary Details എന്ന മെനു മുഖേന ഒരു കാർഡിന്റെ വിഹിതം, കൈപ്പറ്റിയ വിഹിതം മുതലായവ അറിയുന്നതിന് സാധിക്കുന്നതാണ്.

| | |
|---|---|
| **(സി)** ഇതിന്റെ ഭാഗമായി റേഷൻകടകളുടെ വൈവിദ്ധ്യവല്ക്കരണത്തിനും റേഷൻ വ്യാപാരികളുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | **(സി)** റേഷൻ കടകളുടെ വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി പൊതു ജനങ്ങൾക്ക് ഉപകാരപ്രദവും വ്യാപാരികളുടെ സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനും അധിക വരുമാനം ലഭ്യമാക്കുന്നതിനുമായി റേഷൻ ഇതര സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന പദ്ധതിയുടെ ആദ്യ പടിയായി കുപ്പിവെള്ളം, സപ്ലൈകോ ശബരി ഉത്പന്നങ്ങൾ എന്നിവയുടെ വിതരണം കോഴിക്കോട് ജില്ല ഒഴികെയുള്ള ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. പ്രധാനമായും ശബരി ഉൽപ്പന്നങ്ങളായ തേയില, വെളിച്ചെണ്ണ, ഉപ്പ്. കറി പൗഡറുകൾ, കായം, സോപ്പ്, അപ്പപ്പൊടി എന്നിവ വിതരണം നടത്തി വരുന്നു.<br>30.11.2018 ലെ സ.ഉ.(കൈ) നം. 46/2018/ഭ.പൊ.വി.വ പ്രകാരം 45 ക്വിന്റൽ വിതരണം നടത്തുന്ന റേഷൻ വ്യാപാരികൾക്ക് പ്രതിമാസം കുറഞ്ഞത് 18000/- രൂപ കമ്മീഷൻ ലഭ്യമാക്കുന്ന പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്. 45 ക്വിന്റലിൽ താഴെ വിൽപ്പന നടത്തുന്ന വ്യാപാരികൾക്കുള്ള കമ്മീഷൻ 18000/- രൂപയിൽ എത്തിക്കുന്നതിന് 8500/- രൂപ വരെ സപ്പോർട്ടീവ് പേയ്മെന്റും നൽകുന്നുണ്ട്. 44 ക്വിന്റൽ വരെ വിൽപ്പന നടത്തുന്ന റേഷൻ വ്യാപാരിയ്ക്ക് ക്വിന്റലിന് 220/- രൂപ നിരക്കിലും 45 ക്വിന്റലിന് മുകളിൽ 180/- രൂപ നിരക്കിലുമാണ് കമ്മീഷൻ നിശ്ചയിച്ചിട്ടുളളത്.<br>റേഷൻകടകളിലെ ഇ-പോസ് മെഷീൻ വഴി ബാങ്കിംഗ് സേവനങ്ങൾ ആരംഭിക്കുന്നതിനായി വിവിധ ബാങ്കുകളുമായി ചർച്ച നടത്തി വരുന്നു. തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത കടകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ടി പദ്ധതി ആരംഭിക്കുന്നതിനുളള നടപടികൾ സ്വീകരിച്ച് വരുന്നു. |
| **(ഡി)** റേഷൻ പോർട്ടബിലിറ്റി സംവിധാനം സംസ്ഥാനത്ത് ഫലപ്രദമായി നടക്കുന്നുണ്ടോ; വിശദമാക്കുമോ; | **(ഡി)** ഉണ്ട്. പോർട്ടബിലിറ്റി വഴി റേഷൻ വാങ്ങുന്ന ഗുണഭോക്താക്കളുടെ എണ്ണം ഓരോ മാസവും വർദ്ധിച്ചു വരുന്നുണ്ട്. 2020 ജനുവരി 1 മുതൽ എ.എ.വൈ / മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡിലെ അംഗങ്ങൾക്ക് 12 സംസ്ഥാനങ്ങളിൽ നിന്ന് റേഷൻ വാങ്ങാവുന്ന വിധം നാഷണൽ പോർട്ടബിലിറ്റി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നാഷണൽ പോർട്ടബിലിറ്റി പ്രകാരം കർണ്ണാടകയിൽ നിന്ന് 43 പേരും മഹാരാഷ്ട്രയിൽ നിന്നും 4 പേരും രാജസ്ഥാനിൽ നിന്ന് 2 പേരും കേരളത്തിൽ നിന്ന് റേഷൻ വാങ്ങിയിട്ടുണ്ട്. പോർട്ടബിലിറ്റി സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| **(ഇ)** ദേശീയ ഭക്ഷ്യ ഭദ്രത നിയമം നടപ്പിലാക്കിയതിനെത്തുടർന്ന് സംസ്ഥാനത്ത് ഭക്ഷ്യ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | **(ഇ)** ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുസരിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് സംസ്ഥാന ഭക്ഷ്യ കമ്മീഷൻ നടത്തി വരുന്നത്.<br>1. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ആയി ബന്ധപ്പെട്ട് ഭക്ഷ്യ പൊതുവിതരണ, വനിതാ ശിശു വികസന, പൊതുവിദ്യാഭ്യാസ വകുപ്പുകളിൽ പ്രവർത്തിക്കുന്ന |

ഉദ്യോഗസ്ഥർക്ക് നിയമ അവബോധം ഉണ്ടാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ബോധവത്കരണ ക്ലാസുകൾ 14 ജില്ലകളിലും സംഘടിപ്പിച്ചു.

2. വയനാട്, പാലക്കാട്, കാസർകോഡ് ജില്ലകളിലെ ഗോത്രവർഗ്ഗ മേഖലകളിൽ സന്ദർശനം നടത്തുകയും ജനങ്ങളിൽ നിന്ന് നേരിട്ട് തെളിവെടുപ്പ് നടത്തുകയും ചെയ്തു.

3. അംഗനവാടികൾ, റേഷൻ കടകൾ, എഫ്.സി.ഐ, എൻ.എഫ്.എസ്.എ ഗോഡൗണുകൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തി.

4. റേഷൻ വിതരണത്തിലുള്ള പരാതി പരിഹരിക്കുന്നതിന്റെ ഭാഗമായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ഗോഡൗൺ, എൻ.എഫ്.എസ്.എ ഗോഡൗൺ, റേഷൻ കടകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുകയും ഗുണനിലവാരമില്ലാത്ത ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യാൻ പാടില്ല എന്ന് കർശന നിർദ്ദേശം നൽകുകയും ചെയ്തു.

5. പ്രസ്തുത പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ സ്വമേധയാ കേസെടുത്ത് നടപടി സ്വീകരിച്ചു വരുന്നു.

6. പ്രളയ ബാധിത പ്രദേശങ്ങളിൽ പ്രവർത്തിച്ചിരുന്ന ദുരിതാശ്വാസ ക്യാമ്പുകളിൽ കമ്മീഷൻ അംഗങ്ങൾ സന്ദർശനം നടത്തുകയും ക്യാമ്പുകളിൽ കഴിയുന്നവർക്ക് ഗുണനിലവാരമുള്ള ഭക്ഷണം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| മാസം | ആകെ. കാർഡ് | കൈപ്പറ്റിയത് | ശതമാനം | പോർട്ടബിലിറ്റി ശതമാനം |
|---|---|---|---|---|
| 01/19 | 8240738 | 7023269 | 85.55 | 14.38 |
| 02/19 | 8351248 | 7067795 | 84.88 | 14.79 |
| 03/19 | 8412615 | 7318881 | 87.16 | 15.61 |
| 04/19 | 8504302 | 7270921 | 85.65 | 15.96 |
| 05/19 | 8539387 | 7095695 | 83.44 | 16.30 |
| 06/19 | 8563102 | 7439877 | 87.13 | 17.32 |
| 07/19 | 8579608 | 7595077 | 88.73 | 18.00 |
| 08/19 | 8598066 | 7625444 | 88.92 | 18.65 |
| 09/19 | 8614380 | 7646644 | 88.93 | 18.65 |
| 10/19 | 8626401 | 7658424 | 88.99 | 19.67 |
| 11/19 | 8643619 | 7565676 | 87.69 | 20.11 |
| 12/09 | 8665180 | 7552618 | 87.43 | 20.59 |

**സെക്ഷൻ ഓഫീസർ**